പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2203 — 06.02.2019 -ൽ മറുപടിക്ക്

# വിലക്കുറവിൽ ഭക്ഷണം ലഭ്യമാക്കുന്ന ഹോട്ടലുകൾ

**ചോദ്യം**

**ശ്രീ.രാജു എബ്രഹാം**

(എ) ഭക്ഷണം വിലക്കുറവിൽ ലഭ്യമാക്കുന്നതിനായി സർക്കാർ മുൻകൈ എടുത്ത് സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന ഹോട്ടലുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എവിടെയൊക്കെയെന്ന് വ്യക്തമാക്കാമോ ; ഇല്ലെങ്കിൽ എന്തു കൊണ്ടാണ് ഇത് ആരംഭിക്കാതിരുന്നതെന്ന് അറിയിക്കുമോ;

(ബി) കൂടുതലാളുകൾക്ക് പ്രയോജനം കിട്ടത്തക്ക വിധത്തിൽ താലൂക്കാസ്ഥാനങ്ങളിൽ ഈ ഹോട്ടലുകൾ അടിയന്തരമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

**മറുപടി**

**ശ്രീ. പി. തിലോത്തമൻ**

**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)**

(എ) & (ബി) ഭക്ഷണം വിലക്കുറവിൽ ലഭ്യമാക്കുന്നതിനായി സർക്കാർ മുൻകൈ എടുത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന ഹോട്ടലുകളിൽ ആദ്യത്തേത് ആലപ്പുഴ ജില്ലയിൽ പ്രവർത്തിപ്പിക്കുന്നതിനുള്ള കെട്ടിടം സൗജന്യമായി ആലപ്പുഴ നഗരസഭ ലഭ്യമാക്കുകയും പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. ഇതിന്റെ പ്രവർത്തനോദ്ഘാടനം ആലപ്പുഴ നഗരസഭയുമായി ആലോചിച്ച് നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. ഇതിന്റെ പ്രവർത്തനം വിലയിരുത്തി പദ്ധതി വിപുലമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**സെക്ഷൻ ഓഫീസർ**